ശ്രീ. ടി. കെ. ദിവാകരൻ: ഇവിടെനിന്നു് അയച്ചിട്ടുള്ള എസ്റ്റിമേറുകൾക്കു് ചില വിശദാംശങ്ങൾ ആവശ്യമാണെന്നു പറഞ്ഞുകൊണ്ടു് അവിടെനിന്നും ഇങ്ങോട്ടു് അയക്കാറുണ്ടു്. അതിനു മറുപടി കൊടുക്കുക എന്നുള്ളതു് കാലതാമസത്തിനിടയാക്കുന്നതാണു്.

ജില്ലകൾ തമ്മിൽ വിമാന സർവ്വീസു്

*120 [419] ശ്രീ. ഇ അഹമ്മദു്
ശ്രീ. പി. എം അബൂബേക്കർ } താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതമന്ത്രി സദയം മറുപടിനല്കുമോ;

(എ) ജില്ലകൾ തമ്മിൽ വിമാനസർവ്വീസു് ഏർപ്പെടുത്തുന്നതുള്ള വല്ല പരിപാടിയും ഗവണ്മെൻറിൻറെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ പരിപാടിയുടെ പ്രവർത്തനങ്ങൾ എത്രമാത്രം പുരോഗമിച്ചു;

(സി) കണ്ണൂരിലെ പ്രവർത്തനരഹിതമായ വിമാനത്താവളം ഈ ആവശ്യത്തിനു് ഉപയോഗിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) കോഴിക്കോടു് ഒരു വിമാനത്താവളം എന്നേക്കു നിലവിൽവരുമെന്നു് പറയാമോ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവാ): (എ, ബി) ജില്ലകൾ തമ്മിൽ വിമാനസർവ്വീസു് ഏർപ്പെടുത്തുന്നതുള്ള സാദ്ധ്യതയെക്കുറിച്ചു് അന്വേഷിച്ചുവരികയാണു്.

(സി) കണ്ണൂരിലെ വിമാനത്താവളം ഉപയോഗയോഗ്യമാക്കിത്തീർക്കുന്നതിനു വേണ്ടിവരുന്ന ചിലവിൻറെ എസ്റ്റിമേറു് തയ്യാറാക്കി അയക്കുവാൻ കണ്ണൂർ എക്സിക്യൂട്ടീവു് എൻജിനീയറോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

(ഡി) എപ്പോൾ നിലവിൽ വരുമെന്നു് തീർത്തുപറയാൻ സാദ്ധ്യമല്ല.

ശ്രീ. ഇ. അഹമ്മദു്: കണ്ണൂർ വിമാനത്താവളത്തിൻറെ എസ്റ്റിമേറു് എടുക്കുകയാണെന്നുപറഞ്ഞു. എക്സിക്യൂട്ടീവു് എൻജിനീയറുടേയും അവിടെയുള്ള ഉദ്യോഗസ്ഥന്മാരുടേയും തടസ്സംമൂലമാണു് പ്രവർത്തനം നടത്താൻ സാധിച്ചിട്ടില്ലെന്നുള്ളതു് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പഴയകാലത്തെ വിമാനത്താവളമായ കണ്ണൂരിലെ വിമാനത്താവളം ഒരു നല്ല വിമാനത്താവളമായി ഉപയോഗിക്കാനുള്ള സാദ്ധ്യതയുള്ള കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രി കേന്ദ്രഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞമാതിരിയുള്ള തടസ്സമുള്ളതായി റിപ്പോർട്ടു് കിട്ടിയിട്ടില്ല. എന്തായാലും അതേപ്പറ്റി അന്വേഷിച്ചു് വേണ്ടതു ചെയ്യാം.

ശ്രീ. പി. എം. അബൂബേക്കർ: കോഴിക്കോടു് വിമാനത്താവളം എപ്പോൾ നിലവിൽവരുമെന്നു പറയുവാൻ സാധിക്കുകയില്ലെന്നു പറഞ്ഞു. കോഴിക്കോടു് വിമാനത്താവളത്തിൻറെ സ്ഥലമെടുപ്പു് നടപടി നിറുത്തിവയ്ക്കുന്നതിനു് ഗവണ്മെൻറു് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ?

ശ്രീ. ഇ. കെ ഇമ്പിച്ചിബാവ: നിർദ്ദേശമൊന്നും നൽകിയിട്ടില്ല. വിമാനത്താവളത്തിനാവശ്യമായ സ്ഥലമെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കു് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികളും എടുത്തുകൊണ്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

അപ്രോച്ച് റോഡിനെ സംബന്ധിച്ചിടത്തോളം ഏതാണ്ട് എട്ട് ലക്ഷം രൂപയുടെ ചെലവു വരുമെന്നുകണ്ട് അതിനുവേണ്ടിയുള്ള അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിക്കഴിഞ്ഞിട്ടുണ്ട്. അങ്ങനെ ഈ സ്റ്റോറിനു ചെയ്യാവുന്ന കാര്യങ്ങൾ ഗവണ്മെൻറ് ചെയ്തുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവണ്മെൻറിലുള്ള ടെക്നിക്കൽ ആഫീസറുടെ അനുവാദം കിട്ടേണ്ട താമസമാണ് ഇപ്പോഴുള്ളത്.

ശ്രീ. പി. എം. അബൂബേക്കർ : ഈ വിമാനത്താവളത്തിന്റെ സ്ഥലമെടുപ്പു നടപടികൾ ത്വരിതപ്പെടുത്തുന്നതിന് അഡ്വാൻസ് പൊസെഷനു ശ്രമം നടത്തിയിട്ടുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അഡ്വാൻസ് പൊസെഷനു ശ്രമം നടത്തിയിട്ടുണ്ട്. ഞാൻ തന്നെ ഈ കാര്യത്തിനുവേണ്ടി പല ആളുകളേയും ഉൽസാഹപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും ഈ സ്ഥലമെടുപ്പിനെ സംബന്ധിച്ചിടത്തോളമുള്ള അലൈൻമെൻറ് ഏതു രീതിയിലായിരിക്കണമെന്നും, റൺവേ എവിടെ വേണമെന്നും മറ്റുമുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ചെറിയ തർക്കമുണ്ട്. ഈ കാര്യം കേന്ദ്ര ഗവണ്മെൻറിന്റെ ടെക്നിക്കൽ ആഫീസറുടെ പരിഗണനയിലിരിക്കുകയാണ്. ഈ തർക്കം തീർന്നാലുടനെ ഈ കാര്യത്തിൽ വേണ്ട നടപടികൾ എടുക്കാൻ സാധിക്കുന്നതാണ്.

Shri S. P. Luiz: Sir, a proposal was submitted to Government about 1½ years ago, regarding the starting of an inter-district air service. I would like to know the action taken on that.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ബഹുമാനപ്പെട്ട മെമ്പർ തന്നിട്ടുള്ള പ്രൊപ്പോസൽ ഗവണ്മെൻറ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് അടുത്തുതന്നെ തീരുമാനമെടുക്കുന്നതാണ്.

ശ്രീ കെ. സി. വാമദേവൻ : തിരുവനന്തപുരം വിമാനത്താവളം വികസിപ്പിച്ച് ഒരു അന്തർദേശീയ വിമാനത്താവളമാക്കുന്നതിനു അവിടെ സ്ഥിതി ചെയ്യുന്ന ഐ. റ്റി. ഐ. ഇടിച്ചുപൊളിച്ച് വേറൊരു സ്ഥലത്തേക്കു മാറ്റാൻ വേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. ഏതാനും മാസങ്ങളായി ആ നടപടി ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണെന്നു അറിയുന്നു. അതിനു പ്രത്യേകമായ വല്ല കാരണവുമുണ്ടോ ? അതു് എത്രയുംവേഗം അവിടെനിന്നു നീക്കംചെയ്ത് തിരുവനന്തപുരം വിമാനത്താവളം ഒരു അന്തർദ്ദേശീയ വിമാനത്താവളമായി വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഭയവുണ്ടാകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : പരിശോധിച്ച് വേണ്ടതു ചെയ്യാവുന്നതാണ്.

ശ്രീ. പി. എം. അബൂബേക്കർ : കോഴിക്കോട്ടെ വിമാനത്താവളം നിലവിൽ വരാത്തതിൽ കേരളത്തിലെ വളരെയധികം ജനങ്ങൾക്കു് ആക്ഷേപമുള്ള വസ്തുതയെ പരിഗണിച്ച് ഇതിന്റെ പ്രവർത്തനം ത്വരിതഗതിയിൽ നടത്തുന്നതിനു് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനു് കേന്ദ്ര ഗവണ്മെൻറുമായി ആലോചിക്കാൻ ഒരു ഉദ്യോഗസ്ഥനെ പ്രത്യേകമായി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ആ കാര്യം പരിഗണിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : പ്രത്യേക ഉദ്യോഗസ്ഥനെ വേണമോ വേണ്ടയോ എന്നു നിശ്ചയിച്ചിട്ടില്ല. കേന്ദ്ര ഗവണ്മെൻറുമായി ആലോചിക്കുന്നതിനും മറ്റു കാര്യങ്ങൾ നടത്തുന്നതിനും ഒരു ലയിസൺ ആഫീസർ ഡൽഹിയിലുണ്ട്. അദ്ദേഹം ഈ കാര്യങ്ങളിൽ വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇവിടെ കേന്ദ്ര മന്ത്രിമാർ വരുന്ന സന്ദർഭങ്ങളിൽ അവരുമായി ഈ കാര്യം ചർച്ച ചെയ്തിട്ടുണ്ട്. കൂടാതെ കേരളത്തിലെ എം. പി. മാർതന്നെ പാർലമെൻറിൽ ഇതേ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അനവധി ചോദ്യങ്ങളും ചോദിച്ചിട്ടുണ്ട്. അങ്ങനെ ഈ കാര്യം കൂടക്കൂടെ കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. അതിൽ വല്ല പോരായ്മകളുമുണ്ടെങ്കിൽ അതു പരിശോധിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പടക്കാട്ടുവയലിൽ വിമാനത്താവളത്തിനു് സ്ഥലമെടുക്കാൻ നടപടികളാരംഭിച്ചിട്ടു് അനവധി വർഷങ്ങളായി. അവിടെ വിമാനത്താവളം നിർമ്മിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അതു് ഇല്ലെന്നു് തുറന്നുപറയുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : എടക്കാട്ടുവയലിൽ വിമാനത്താവളം വേണമെന്നാണു് ഇൻഡ്യാ ഗവണ്മെന്റ് ആദ്യം ആലോചിച്ചിരുന്നതു്. ഇപ്പോൾ അവരുടെ അഭിപ്രായത്തിൽ മാറ്റം വന്നിട്ടുണ്ടു്. കൊച്ചിയിലുള്ള വിമാനത്താവളംതന്നെ വികസിപ്പിക്കാൻ സാധിക്കുമെന്നുള്ള അഭിപ്രായമാണു് ഇപ്പോൾ ഇൻഡ്യാ ഗവണ്മെന്റിനുള്ളതു്. അവസാന തീരുമാനം അതേ സംബന്ധിച്ചു് ഇതേവരെ എടുത്തിട്ടില്ല.

ശ്രീ. ആർ. എസ്. ഉണ്ണി : കൊല്ലത്തെ ആശ്രാമം വിമാനത്താവളത്തിന്റെ പണി ഉപേക്ഷിച്ചതായി പത്രങ്ങളിൽവന്ന വാർത്ത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? കൊല്ലത്തു് ആശ്രാമം മൈതാനത്തു് ഒരു വിമാനത്താവളം നിർമ്മിക്കുന്നതിനുവേണ്ട അടിയന്തിര നടപടികളും ഗവണ്മെന്റു് സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : പത്രവാർത്ത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇൻറർ ഡിസ്ട്രിക്റ്റു് വിമാനസർവീസിന്റെ കാര്യം വരുമ്പോൾ കൊല്ലവുംകൂടി ഉൾപ്പെടും.

ശ്രീ. എസ്. ദാമോദരൻ : കേരളത്തിൽ ഇൻറർ ഡിസ്ട്രിക്റ്റു് വിമാന സർവ്വീസ് എപ്പോൾ നടപ്പാക്കുമെന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : എപ്പോൾ നടപ്പാക്കുമെന്നു തിട്ടപ്പെടുത്തി പറയാൻ കഴിയുകയില്ല.

മാവൂർ റയൺസ് പൾപ്പു ഫാക്റ്ററി

* 121. [420] ശ്രീ. എസ്. ദാമോദരൻ
,, എം. കെ. കേളു
,, പി. പി. കൃഷ്ണൻ
,, ടി. കെ. രാമകൃഷ്ണൻ
,, പാലോളി മുഹമ്മദ്കുട്ടി
,, വി. വി. ദക്ഷിണാമൂർത്തി
,, കെ. ചാത്തുണ്ണിമാസ്റ്റർ
,, വി.എസ്. അച്ചുതാനന്ദൻ

താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായ മന്ത്രി സഭയം മറുപടി നൽകുമോ :

(എ) ബിർളയ്ക്കു് (മാവൂർ റയൺസ് പൾപ്പുഫാക്റ്ററി) മുള കൊടുക്കുന്നതു് എത്ര വിലയ്ക്കാണു് ;

(ബി) പ്രസ്തുത ഫാക്റ്ററിക്കു് മുള നൽകുന്നതിനുള്ള കരാർ എപ്പോഴെല്ലാമാണു് പുതുക്കിയതു് ;

(സി) കരാർ വീണ്ടും പുതുക്കുന്നതിനെ സംബന്ധിച്ചു് ഗവണ്മെന്റു് ആലോചിക്കുന്നുണ്ടോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഒരു ടൺ മുളക്കു് 1.67 രൂപ നിരക്കിൽ, ഈ നിരക്കു് മുള നിൽക്കുന്ന സ്ഥലത്തുനിന്നും വെട്ടിയെടുക്കുന്നതിനുള്ളതാണു്. മറ്റു ചെലവുകളെല്ലാം കമ്പനി തന്നെ വഹിക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly